## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4689

26.06.2019 - ൽ
മറുപടിയ്ക്ക്

### നേര്യമംഗലത്ത് ഫാം ടൂറിസം

**ചോദ്യം**
**ശ്രീ. ആന്റണി ജോൺ**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഹൈറേഞ്ചിന്റെ കവാടമായ നേര്യമംഗലത്ത് ഏക്കറോളം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെട്ട് ഫാം ടൂറിസം ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;<br>ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | എ) യും ബി) യും ഉണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിങ്ങിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 50 കോടി രൂപയുടെ നിർദ്ദേശങ്ങൾ ആണ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) ഫാം ടൂറിസത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുവാൻ സാധിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സംയോജിത കൃഷി പ്രാവർത്തികമാക്കുക.<br>2. വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ.<br>3. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും, വിപണനവും.<br>4. ഫാമിന്റെ നവീകരണം, സൗന്ദര്യവൽക്കരണം, തീം പാർക്കുകൾ, റസ്റ്റോറന്റുകൾ, ക്വാർട്ടേഴ്സുകൾ, കർഷക പഠന കേന്ദ്ര ഗസ്റ്റ് ഹൗസുകൾ, ട്രീ ഹട്ടുകൾ, ചെക്കുഡാമുകൾ, അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിപണനവും മുതലായവ.<br>5. പെരിയാറിന്റെ സംരക്ഷണ ഭിത്തി കെട്ടി നടപ്പാതയും ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള ആധുനിക കടവുകളുടെ നിർമ്മാണവും.<br>6. ഹൈടെക് നഴ്സറികൾ, പോളി ഹൗസുകളുടെ നിർമ്മാണം, തൈകളുടെ ഉല്പാദനം.വിപണനം തുടങ്ങിയവ.<br>7. ഹൈടെക് കാലിത്തൊഴുത്ത്, ആട്ടിൻകൂട്, മറ്റ് പക്ഷി മൃഗാദികളുടെ ഷെൽറ്ററുകൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും. |

| | |
|---|---|
| ഡി) ധാരാളം ടൂറിസ്റ്റുകൾ സന്ദർശനം നടത്തുന്ന പ്രസ്തുത കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) ഫാം ടൂറിസം പദ്ധതി വേഗത്തിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനിയറിംഗ് വിങ്ങിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് 50 കോടി രൂപയുടെ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ